**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം -ശ്രീമതി.ഷീലബാബു, മുൻ ലോവർ ഡിവിഷൻ ക്ലർക്ക്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, ശ്രീ.റ്റി.എൻ.ശ്രീകുമാർ, മുൻ എൽ.ഡി.ക്ലർക്ക്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, ഡിവിഷണൽ ഓഫീസ്, കോട്ടയം . എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1946/2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 20.6.2016**

---

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.6.2013ലെ നം.C6(VC.3/06/ERK) 375/2006 നമ്പർ കത്ത്.

2. ശ്രീമതി.ഷീല ബാബുവിന് എതിരെയുള്ള 22.8.2014ലെ 27566/ഇആർബി3/14/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ശ്രീ.റ്റി.എൻ.ശ്രീകുമാറിനെതിരെയുള്ള 17.2.2014ലെ 65404/ഇപിബി2/13/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

4. ശ്രീമതി.ഷീലബാബു, ശ്രീ.റ്റി.എൻ.ശ്രീകുമാർ എന്നിവർ യഥാക്രമം 13.10.2014, 26.06.2015 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദപത്രികകൾ.

5. ഗ്രാമവികസന കമ്മീഷണറുടെ 18.11.2015, 30.3.2016 എന്നീ തീയതികളിലെ 18308/എസ്റ്റാഎ2/14/സിആർഡി നമ്പർ കത്തുകൾ.

6. സർക്കാരിന്റെ 16.12.2015ലെ 12870/ഇആർബി3/15/തസ്വഭവ നമ്പർകത്ത്.

**<u>ഉത്തരവ്</u>**

കേരള കർഷക തൊഴിലാളി ക്ഷമനിധി ബോർഡിന്റെ കോട്ടയം ഡിവിഷനിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറൊ നടത്തിയ അന്വേഷണത്തിൽ, അതിനുത്തരവാദികളായ ഉദ്യോഗസ്ഥർ ശ്രീ.ടി.എൻ. ശ്രീകുമാർ, മുൻ എൽ.ഡി.ക്ലർക്ക്, കേരള കർഷക തൊഴിലാളി ക്ഷമനിധി ബോർഡ്, ഡിവിഷണൽ ഓഫീസ്, കോട്ടയം, ശ്രീമതി.ഷീലാ ബാബു, മുൻ എൽ.ഡി.ക്ലർക്ക്, കേരള കർഷക തൊഴിലാളി ക്ഷമനിധി ബോർഡ്, ഡിവിഷണൽ ഓഫീസ്, കോട്ടയം എന്നിവർക്കെതിരെ അച്ചടക്ക നപടിയെടുക്കുന്നതിനും, ബോർഡിനുണ്ടായ നഷ്ടം ടി

ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, കേരള കർഷക തൊഴിലാളി ക്ഷമനിധി ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എൽ.ഡി.ക്ലാർക്കായി ജോലി ചെയ്തിരുന്ന ശ്രീമതി.ഷീലാ ബാബുവിന് പരാമർശം (2) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ മെമ്മോയും നൽകുകയും, സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുള്ള തുകയായ 1,75,980/- രൂപയുടെ പകുതി തുകയായ 87,990/- രൂപ ശ്രീമതി.ഷീലാ ബാബുവിൽ നിന്ന് ഈടാക്കുന്നതിനായി 12.08.2014-ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, എൽ.ഡി.ക്ലർക്ക്. ശ്രീ.റ്റി.എൻ.ശ്രീകുമാറിന് പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുമുണ്ടായി.

സർക്കാർ കുറ്റപത്രത്തിനെതിരെ ശ്രീമതി.ഷീലാ ബാബു, ശ്രീ.റ്റി.എൻ.ശ്രീകുമാർ എന്നിവർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രികകൾ സമർപ്പിക്കുകയുണ്ടായി. ശ്രീമതി.ഷീലബാബു സമർപ്പിച്ച പ്രതിവാദപത്രികയിൽ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ഓഫീസ് ഉത്തരവ് പ്രകാരം പ്രത്യേക ചുമതലകൾ തനിക്ക് നൽകിയിരുന്നില്ലെന്നും ഓഫീസറുടെ വാക്കാലുള്ള നിർദ്ദേശ പ്രകാരമാണ് അംശാദായം സ്വീകരിച്ചതെന്നും, പിന്നീട് ഓഫീസറുടെ തന്നെ നിർദ്ദേശ പ്രകാരം പണവും രസീതും യു.ഡി.ക്ലാർക്കായ ശ്രീ.പി.എം.മത്തായിയെ ഏൽപ്പിക്കുകയും ചെയ്തുവെന്നും, 2002 മാർച്ചിനു ശേഷമാണ് രസീതു ബുക്കിന്റെ വിതരണ രജിസ്റ്റർ എഴുതി തുടങ്ങിയിട്ടുള്ളതെന്നും അതിൻ പ്രകാരം 10 രസീതു ബുക്കുകൾ ടിയാൾ ഒപ്പിട്ടു വാങ്ങിയിട്ടുണ്ടെന്നും, ടിയാൾ ഒപ്പിട്ടു വാങ്ങിയ J-5489, J-5318 എന്നീ രസീതു ബുക്കുകൾ തന്റെ അറിവോ സമ്മതമോ കൂടാതെ ശ്രീ.റ്റി.എൻ.ശ്രീകുമാർ എടുത്ത് ദുരുപയോഗം ചെയ്യുകയായിരുന്നുവെന്നും, ഇന്റേണൽ ഓഡിറ്റിൽ പ്രസ്തുത ബുക്കുകൾ കണ്ടെടുത്തിട്ടുണ്ടെന്നും പ്രസ്തുത തുക തിരിച്ചടച്ചിട്ടുണ്ടെന്നും, ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയതിന്മേൽ വിശദീകരണം സമർപ്പിക്കുവാൻ ടിയാൾക്ക് അവസരം

ലഭിച്ചിരുന്നില്ലായെന്നും മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് മേൽശിക്ഷാ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ.റ്റി.എൻ.ശ്രീകുമാർ സമർപ്പിച്ച പ്രതിവാദപത്രികയിൽ, ടിയാൻ 6.3.1999-ലാണ് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡെപ്യൂട്ടേഷനിൽ എൽ.ഡി.ക്ലർക്കായി ജോലിയിൽ പ്രവേശിച്ചതെന്നും 1.10.2001-ൽ അവിടെ നിന്നും വിടുതൽ ചെയ്തുവെന്നും പിന്നീട് 5.7.2002 മുതൽ 6.12.2002 വരെ മാത്രമാണ് ജോലി ചെയ്തിട്ടുള്ളതെന്നും 9/97 മുതൽ മുതൽ 30.9.2004 വരെയുള്ള കാലഘട്ടത്തിൽ നടന്നതായി ആരോപിക്കുന്ന ഇടപാടുകൾ സംബന്ധിച്ച് ടിയാന് ബന്ധമില്ലായെന്നും, കൂടാതെ ടി ആഫീസിലെ രസീത് ബുക്കിന്റെയോ സ്റ്റോക്ക് രജിസ്റ്ററിന്റെയോ ക്യാഷ് ബുക്കിന്റെയോ ഡെയ്‌ലി കളക്ഷൻ രജിസ്റ്ററിന്റെയോ കസ്റ്റോഡിയനോ, ടി ഡോക്യുമെന്റുകൾ കൈകാര്യം ചെയ്യുതോ ടി പ്രമാണങ്ങൾ കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെട്ട ആളോ ആയിരുന്നില്ല ടിയാനെന്നും, മരണാനന്തര സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് ഫയൽ പരിശോധിക്കുന്ന ജോലിയാണ് ടിയാൻ ചെയ്തിരുന്നതെന്നും ആയതിനാൽ ടിയാനെതിരെയുള്ള ചാർജ്ജ് ഇല്ലായ്മ ചെയ്ത് നടപടി ഉണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു.

മേൽ പ്രതിവാദപത്രികകളിന്മേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ ഇല്ല എന്ന കാരണത്താൽ ഒപ്പിട്ട് വാങ്ങിയ രസീത് ബുക്കുകളുടെ പരിപാലന ചുമതല തനിക്കില്ല എന്ന ശ്രീമതി.ഷീല ബാബുവിന്റെ വാദം നിലനിൽക്കുന്നതല്ലെന്നും ഒപ്പിട്ടു വാങ്ങിയതും, അല്ലാതെയുമുള്ള രസീത് ബുക്കുകളിലെ രസീതുകൾ പ്രകാരം ശേഖരിക്കപ്പെട്ട തുക ധനവിനിയോഗ ചട്ടങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ട ചുമതല ശ്രീമതി.ഷീല ബാബുവിനുണ്ടായിരുന്നുവെന്നും, ശേഖരിച്ച തുക ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി മുതിർന്ന ഉദ്യോഗസ്ഥർക്ക് കൈമാറി, രസീത് വാങ്ങി സൂക്ഷിക്കേണ്ടിയിരുന്നു എന്നും, സമയാസമയങ്ങളിൽ വെൽഫെയർ ഫണ്ട് ഓഫീസർ ഏൽപ്പിച്ച ജോലികൾ നിർവ്വഹിച്ചെന്ന ശ്രീമതി.ഷീലാ ബാബുവിന്റെ വാദം

അംഗീകരിച്ചാൽ തന്നെ അവ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ, ധനവിനിയോഗ ചട്ടങ്ങൾ തുടങ്ങിയവയ്ക്ക് വിരുദ്ധമല്ലാത്തവയാണോയെന്ന് ടിയാൾ ഉറപ്പ് വരുത്തിയതായി കരുതുന്നതിനുള്ള വസ്തുതകൾ ഹാജരാക്കിയിട്ടില്ലെന്നും, മറ്റ് ജോലികൾ നിർവ്വഹിച്ച് വരുന്നതിനിടെ നിർദ്ദേശ പ്രകാരം മാസവരി സ്വീകരിച്ച് രസീത് നൽകി, പാസ് ബുക്കിൽ രേഖപ്പെടുത്തി നൽകുമായിരുന്നുവെന്ന് ശ്രീമതി.ഷീലാ ബാബു സമ്മതിച്ചിട്ടുണ്ടെന്നും, ഇപ്രകാരം ശേഖരിച്ച തുക നിർദ്ദേശ പ്രകാരം തന്നെ യു.ഡി.ക്ലാർക്കായിരുന്ന ശ്രീ.മത്തായിയെ ഏൽപ്പിച്ചതായും ടി ഉദ്യോഗസ്ഥ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ഇതിനുള്ള നിർദ്ദേശങ്ങൾ ആരാണ് നൽകിയതെന്ന് പ്രതിവാദപത്രികയിൽ പരാമർശിക്കുന്നില്ലെന്നും ദിവസേനയുള്ള കളക്ഷൻതുക ശ്രീ.മത്തായിയെ ഏൽപ്പിച്ചതിനുള്ള തെളിവുകളൊന്നും ശ്രീമതി.ഷീലാ ബാബു പ്രതിവാദ പത്രികയ്ക്കൊപ്പം സമർപ്പിച്ചതായി കാണുന്നില്ലെന്നും കൃത്യമായ ഓഫീസ് ഉത്തരവുകളുടെ അഭാവത്തിൽ ശേഖരിച്ച തുക ശ്രീ.മത്തായിയെ ഏൽപ്പിച്ച ശ്രീമതി.ഷീലാ ബാബുവിന്റെ നടപടി ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമാണെന്നും, പ്രതിവാദ പത്രികയിൽ ശ്രീമതി.ഷീല ബാബു പരാമർശിച്ച ജോലികൾ ആരാണ് നിർവ്വഹിക്കേണ്ടതെന്ന് നിർദ്ദേശിക്കുന്ന കൃത്യമായ ഓഫീസ് ഉത്തരവുകളൊന്നും ഉണ്ടായിരുന്നതായി കാണാൻ കഴിയുന്നില്ലെന്നും ഈ സാഹചര്യത്തിൽ എല്ലാ ഉദ്യോഗസ്ഥരും ഇത്തരം വീഴ്ചകൾക്ക് തുല്യ ഉത്തരവാദികളായി കരുതേണ്ടി വരുമെന്നും, 18.08.2000 മുതൽ 30.11.2002വരെ ശ്രീമതി.ഷീലാ ബാബു കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലി ചെയ്തിരുന്ന കാലയളവിൽ J 5318, J 5489 എന്നീ രസീത് ബുക്കുകൾ തന്നെ ഏൽപ്പിച്ചിരുന്നില്ലെന്ന ടിയാളുടെ വാദം നിലനിൽക്കുന്നതല്ലെന്നും, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ മേൽ പരാമർശിച്ച രസീത് ബുക്കുകൾ സ്വീകരിച്ച് ശ്രീമതി.ഷീല ബാബു ഒപ്പിട്ട് നൽകിയിട്ടുണ്ടെന്നും, കൂടാതെ കാലാകാലങ്ങളിൽ നിർദ്ദേശ പ്രകാരം രസീതുകൾ നൽകി പണം സ്വീകരിച്ച് പാസ് ബുക്കിൽ രേഖപ്പെടുത്തി നൽകിയിട്ടുണ്ടെന്നും, ശ്രീമതി.ഷീല ബാബു പ്രതിവാദപത്രികയിൽ പരാമർശിച്ചിട്ടുണ്ടെന്നും കൃത്യമായ ഓഫീസ് ഉത്തരവുകൾ

ഇല്ലാത്ത സാഹചര്യത്തിൽ, പരിശോധനാ കാലയളവിൽ കേരളാ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നഷ്ടമായ തുകയ്ക്ക്, അന്ന് ഓഫീസിൽ ജോലി ചെയ്തിരുന്ന മറ്റ് ഉദ്യോഗസ്ഥർക്കൊപ്പം ആനുപാതികമായ ഉത്തരവാദിത്വം ശ്രീമതി ഷില ബാബുവിനും ഉണ്ടെന്ന് അനുമാനിക്കാവുന്നതാണെന്നും, രസീത് ബുക്കുകൾ ഓഫീസിലെ ഓപ്പൺ ഷെൽഫിൽ സൂക്ഷിച്ചതിനാലാണ് ദുരുപയോഗം ചെയ്യപ്പെട്ടതെന്ന ശ്രീമതി.ഷീല ബാബുവിന്റെ വാദവും അംഗീകരിക്കത്തക്കതല്ലെന്നും, തന്നെ ഏല്പിച്ചിരുന്ന രസീത് ബുക്കുകൾ ദുരുപയോഗം ചെയ്യപ്പെട്ടതെന്ന ശ്രീമതി.ഷീല ബാബുവിന്റെ വാദം അവിശ്വസനീയമാണെന്നും, ശ്രീമതി.ഷീല ബാബു ജോലി ചെയ്തിരുന്ന കാലയളവിൽ സ്റ്റോക്ക് രജിസ്റ്റർ, ഡെയ്‌ലി കളക്ഷൻ രജിസ്റ്റേഴ്സ്, രസീത് ബുക്കുകൾ തുടങ്ങിയവ ആരാണ് എഴുതി സൂക്ഷിക്കേണ്ടതെന്ന കൃത്യമായ ഓഫീസ് ഉത്തരവുകൾ ഇല്ലാത്ത സാഹചര്യത്തിൽ ധനവിനിയോഗ ചട്ടങ്ങൾ പാലിക്കാതെ സർക്കാർ ഫണ്ട് കൈകാര്യം ചെയ്തതിൽ അന്ന് കേരളാ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ഓഫീസിൽ പ്രവർത്തിച്ചിരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും തുല്യ ഉത്തരവാദിത്വം ഉണ്ടെന്ന് കരുതേണ്ടിയിരിക്കുന്നുവെന്നും, ശ്രീ.റ്റി.എൻ.ശ്രീകുമാർ I 5318, J 5489 എന്നീ രസീത് ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുത്ത തുക തിരിച്ചടച്ചതായി കാണുന്നുണ്ടെന്നും ടി സാഹചര്യത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ഓഫീസിൽ പ്രവർത്തിച്ചിരുന്ന ശ്രീമതി.ഷീല ബാബു അടക്കം എല്ലാ ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നു വീഴ്ചയുള്ളതായി മനസ്സിലാക്കുന്ന സാഹചര്യത്തിൽ വകുപ്പിലെ ജീവനക്കാരിയായ ശ്രീമതി.ഷീല ബാബുവിന് ഉചിതമായി ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ.റ്റി.എൻ.ശ്രീകുമാർ നിലവിൽ ഗ്രാമവികസന വകുപ്പിൽ ഇടുക്കി ജില്ലയിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ ഹെഡ് അക്കൗണ്ടന്റായി ജോലി ചെയ്തു വരികയാണെന്നും. ടിയാൻ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6.3.1999 മുതൽ 1.10.2001 വരെയും 5.7.2002 മുതൽ 6.12.2002 വരെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നുവെന്നും, കുറ്റാരോപണ പത്രികയിൽ പറയുന്നത്

പ്രകാരം 1.3.1998 മുതൽ 31.12.2002 വരെയുള്ള കാലഘട്ടത്തിൽ 175980/- രൂപയും 01.04.2004 മുതൽ 30.09.2004 വരെ 3,48,744/- രൂപയുടെയും ക്രമക്കേട് നടന്നിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ഡിവിഷണൽ ഓഫീസിൽ ജോലികൾ ജീവനക്കാരെ ഏല്പിച്ച് കൊടുത്തുകൊണ്ടുള്ള വ്യക്തമായ ഓഫീസ് ഉത്തരവുകളൊന്നും കാണുന്നില്ലാത്ത സാഹചര്യത്തിൽ ടിയാൻ ടി ഓഫീസിലെ രസീത് ബുക്കിന്റെയും സ്റ്റോക്ക് രജിസ്റ്ററിന്റെയോ, ക്യാഷ് ബുക്കിന്റെയോ, ഡെയ്‌ലി കളക്ഷൻ രജിസ്റ്ററിന്റെയോ കസ്റ്റോഡിയനോ, ടി രേഖകൾ കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥനോ ആണെന്ന് നിയമ പ്രകാരം കാണാൻ സാധിക്കുന്നില്ലെന്നും, കൂടാതെ 3,48,744/- രൂപയുടെ ക്രമക്കേട് നടത്തി എന്നു പറയുന്ന 1.4.2004 മുതൽ 30.9.2004 വരെയുള്ള കാലയളവിൽ ശ്രീ.ശ്രീകുമാർ, ടി ഓഫീസിൽ സേവനം അനുഷ്ഠിച്ചിരുന്നില്ലെന്നും, 1.3.1998 മുതൽ 31.12.2002 വരെയുള്ള കാലയളവിൽ 1,75,980/- രൂപയുടെ ക്രമക്കേട് കണ്ടെത്തിയിരുന്നുവെന്നും, 6.3.1999 മുതൽ 1.10.2001 വരെയുള്ള കാലയളവിലാണ് ടിയാൻ പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിരുന്നതെന്നും, പരിശോധനയിൽ ശ്രീ.ശ്രീകുമാർ ജെ 5318, ജെ 5489 എന്നീ രസീതു ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുത്ത തുക അടവു വരുത്തിയിട്ടുള്ളതായും കാണുന്നുവെന്നും, ഈ ഓഫീസിലെ മറ്റ് ഉദ്യോഗസ്ഥരുമായി ഗൂഡാലോചന നടത്തിയതിന് തെളിവുകളൊന്നും കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും, ശ്രീ.റ്റി.എൻ.ശ്രീകുമാർ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ടിയാൻ ജെ 5318, ജെ 5489 എന്നീ രസീതു ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുത്ത തുക അടവു വരുത്തിയിട്ടുള്ളതിനാലും ഓഫീസിലെ ജോലി സംബന്ധിച്ച് വ്യക്തമായ ഓഫീസ് ഉത്തരവുകളൊന്നും നിലവിലില്ലാത്തതിനാലും ടി ഓഫീസിൽ 1.3.1998 മുതൽ 31.12.2002 വരെയുള്ള കാലഘട്ടത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിലെ ഉത്തരവാദിത്വം പൂർണ്ണമായും ടിയാനിൽ മാത്രം ചുമത്തുവാൻ കാരണമൊന്നും കാണുന്നില്ലായെന്നും ടി ഓഫീസിൽ

പ്രവർത്തിച്ചിരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും തുല്യ ഉത്തരവാദിത്വം ഉണ്ടെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് വിജിലൻസ് വകുപ്പിന്റെ ശുപാർശ പ്രകാരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടമായ 1,75,980/- രൂപ, ശ്രീ.ടി.എൻ.ശ്രീകുമാർ, ഹെഡ് അക്കൗണ്ടന്റ്, ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് , ഇടുക്കി (മുൻ എൽ.ഡി.ക്ലാർക്ക്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കോട്ടയം ഡിവിഷൻ), ശ്രീമതി.ഷീലാ ബാബു, എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) (മുൻ എൽ.ഡി.ക്ലാർക്ക്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കോട്ടയം ഡിവിഷൻ) എന്നിവരിൽ നിന്നും 35,196/-($^1/_5$ of Rs.1,75,980/-) രൂപ വീതം ഈടാക്കി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കുവാൻ പരാമർശം (6) പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ഷീലാ ബാബു, ശ്രീ.റ്റി.എൻ.ശ്രീകുമാർ എന്നിവർ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ രസീതു ബുക്കുകൾ ദുരുപയോഗം ചെയ്ത് 1,75,980/- (ഒരു ലക്ഷത്തി എഴുപത്തയ്യായിരത്തി തൊള്ളായിരത്തി എൺപതു രൂപ) രൂപ സർക്കാരിന് നഷ്ടം വരുത്തിയതിന് ടി ഉദ്യോഗസ്ഥരുൾപ്പെടെ 5 പേർക്ക് തുല്യ പങ്കാളിത്തമുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 35,196/- രൂപ വീതം (മുപ്പത്തയ്യായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ആറു രൂപ) ശ്രീമതി.ഷീലാ ബാബു, ശ്രീ.റ്റി.എൻ.ശ്രീകുമാർ, എന്നിവരിൽ നിന്നും ഈടാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നത്. ടി ക്രമക്കേടുകൾക്ക് ശ്രീമതി.ഷീലാ ബാബുവിനും, ശ്രീ.റ്റി.എൻ.ശ്രീകുമാറിനും കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ മറ്റ് ഉദ്യോഗസ്ഥർക്കൊപ്പം തുല്യ പങ്കാളിത്തമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി.ഷീലാ ബാബു, മുൻ എൽ.ഡി.ക്ലാർക്ക്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, ഡിവിഷണൽ ഓഫീസ്, കോട്ടയം,

ശ്രീ.റ്റി.എൻ.ശ്രീകുമാർ, മുൻ എൽ.ഡി.ക്ലാർക്ക്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, ഡിവിഷണൽ ഓഫീസ്, കോട്ടയം എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി ടിയാളുകളുടെ ഓരോ വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് വീതം തടഞ്ഞു കൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജി.ഡേവിഡ് മിൽട്ടൺ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.ഷീലബാബു, മുൻ ലോവർ ഡിവിഷൻ ക്ലർക്ക്,
കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്,
ഡിവിഷണൽ ഓഫീസ്, കോട്ടയം
ശ്രീ.റ്റി.എൻ.ശ്രീകുമാർ, മുൻ എൽ.ഡി.ക്ലർക്ക്,
കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്,
ഡിവിഷണൽ ഓഫീസ്, കോട്ടയം
} ഗ്രാമവികസന കമ്മീഷണർ മുഖേന

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ് ( ഇ) വകുപ്പ് (Vide letter No.7976/D1/2013/Vig. dated 22.7.2013)
തൊഴിലും നൈപുണ്യവും വകുപ്പ് (U.O.No.18362/R2/13/LBR, dated 7.10.2013)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ